**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി ഗ്രാമപഞ്ചായത്തിൽ പാർട്ട്ടൈം നഴ്സറി ടീച്ചർ ആയിരിക്കേ മരണമടഞ്ഞ ടി . പി . ഓമന എന്നവരുടെ മകനും ആശ്രിതനുമായ ശ്രീ . സതീഷ് ബാബു . ടി സർവ്വീസിലിരിക്കേ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള ആശ്രിത നിയമന പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ്വ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(കൈ)നം.**84/2020/തസ്വഭവ.** തീയതി, തിരുവനന്തപുരം **26/05/2020.**

പരാമർശം : 1) ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി, 24/5/1999.

2) ശ്രീ . സതീഷ് ബാബു . ടി -യുടെ 03/11/2018-ലെ അപേക്ഷ.

3) പഞ്ചായത്ത് ഡയറക്ടറുടെ 03.06.2019 -ലെ PAN/5798/2019-E14(DP) നമ്പർ കത്ത്.

4) കണ്ണൂർ ജില്ലാ കളക്ടറുടെ 17.12.2019 ലെ DCKNR/9574/2019-A5 നം.കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി ഗ്രാമപഞ്ചായത്തിൽ പാർട്ട്ടൈം നഴ്സറി ടീച്ചർ ആയിരിക്കേ മരണമടഞ്ഞ ടി . പി . ഓമന എന്നവരുടെ മകനും ആശ്രിതനുമായ ശ്രീ . സതീഷ് ബാബു . ടി സർവ്വീസിലിരിക്കേ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു. പരേതയായ ടി . പി . ഓമനയ്ക്ക് 8 വർഷ ത്തെ സേവനകാലമുണ്ട്.

2. കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി ഗ്രാമപഞ്ചായത്തിൽ പാർട്ട്ടൈം നഴ്സറി ടീച്ചർ ആയിരിക്കേ 24.10.2018 ലാണ് ടി . പി . ഓമന നിര്യാതയാവുന്നത്. അപേക്ഷകനായ ശ്രീ . സതീഷ് ബാബു . ടി പരേതയുടെ മകനാണ്. ടിയാൾ നിശ്ചിത സമയപരിധിയ്ക്കകം അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷകന്റെ ജനനതീയതി 04.09.1990 ആണ്. അപേക്ഷകന് 30 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷകൻ എസ്.എൽ.എസി, ബി.കോം പരീക്ഷകൾ പാസ്സായിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ കണ്ണൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായാണ് ടിയാൻ അപേക്ഷിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകന് അർഹതയുണ്ട്.

3. അപേക്ഷയോടൊപ്പം പരേതയായ ടി . പി . ഓമനയുടെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, സേവന സാക്ഷ്യപത്രം, അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസ

യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകന്റെ വരുമാന സർട്ടിഫിക്കറ്റ്, സത്യവാങ്മൂലം, അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രം, സംരക്ഷണ സമ്മതമൊഴി തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. ടിയാന്റെ കുടുംബവാർഷിക വരുമാനം 60,000 /-രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും കണ്ണൂർ ജില്ലാ കളക്ടറും അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

4. കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി ഗ്രാമപഞ്ചായത്തിൽ പാർട്ട്ടൈം നഴ്സറി ടീച്ചർ ആയിരിക്കേ മരണമടഞ്ഞ ടി . പി . ഓമന എന്നവരുടെ മകനും ആശ്രിതനുമായ ശ്രീ . സതീഷ് ബാബു . ടിയുടെ (തളാപ്പൻ ഹൗസ്, മൊറാഴ, (വഴി), മൊട്ടമ്മൽ, കണ്ണൂർ-670 331) വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ/ ആദ്യം ഉണ്ടാകുന്നതോ ആയ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

5. മരണമടഞ്ഞ ടി . പി . ഓമനയുടെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പഞ്ചായത്ത് ഡയറക്ടർ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാന് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാകുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ . സതീഷ് ബാബു . ടി (തളാപ്പൻ ഹൗസ്, മൊറാഴ, (വഴി), മൊട്ടമ്മൽ, കണ്ണൂർ-670 331).
(തപാൽ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (അനുബന്ധ രേഖകൾ സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ. (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ജില്ലാ കളക്ടർ, കണ്ണൂർ.
ഡയറക്ടർ, ഐ.കെ.എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വിവര പൊതുജന സമ്പർക്ക വകുപ്പ്,(വെബ് & ന്യൂ മീഡിയ),
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ 3/100/19/തസ്വഭവ)

ഉത്തരവിൻപ്രകാരം

Damiyathl

സെക്ഷൻ ഓഫീസർ